ടെലഫോൺ:2721278

എൻ.സി.സി ഡയറക്ടറേറ്റ്
(കേരളവും ലക്ഷദ്വീപും)
സംസ്ഥാന വിഭാഗം
തിരുവനന്തപുരം

No. 7070/A4-Est/2021/NCC

13 മേയ് 2022

എൻ.സി.സി ഗ്രൂപ്പ് ഹെഡ്ക്വാർട്ടേഴ്സ് തിരുവനന്തപുരവും
അതിന്റെ കീഴിലുള്ള ഓഫീസുകൾക്കും

വിഷയം : എൻ.സി.സി എസ്റ്റാ-യു.പി.എസ്.സി പരീക്ഷകൾ - തിരുവനന്തപുരത്തെ വിവിധ കേന്ദ്രങ്ങൾ ഇൻവിജിലേഷൻ ചുമതലകൾ നിർവഹിക്കുന്നതിന് സർക്കാർ ജീവനക്കാരുടെ പാനൽ 2022-2023 വർഷത്തേക്ക് രൂപീകരിക്കുന്നത് - സംബന്ധിച്ച്

സൂചന : 2022 ഏപ്രിൽ 27-ാം തീയതിയിലെ എസ്.എസ്.◌2/01/2022/പൊ.ഭ.വ നമ്പർ കത്ത്.

സൂചനകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. യൂണിയൻ പബ്ലിക് സർവീസ് കമ്മീഷൻ നടത്തുന്ന വിവിധ പരീക്ഷകൾക്ക് തിരുവനന്തപുരം ജില്ലയിലെ കേന്ദ്രങ്ങളിൽ ഇൻവിജിലേഷൻ ജോലികൾക്ക് നിയോഗിക്കുന്നതിന് താത്പര്യമുള്ള സർക്കാർ ജീവനക്കാരുടെ 2022-23 വർഷത്തേക്കുള്ള പാനൽ തയ്യാർ ചെയ്യുന്നതിനായി തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലക്കകത്തുള്ള വിവിധ സർക്കാർ ഓഫീസുകളിൽ ജോലി ചെയ്യുന്നവരിൽ നിന്ന് താത്പര്യമുള്ളവരുടെ വിശദാംശങ്ങൾ സമാഹരിച്ച് സൂചന കത്തിലെ അനുബന്ധത്തിൽ കൊടുത്തിട്ടുള്ള മാതൃകയിൽ, അടിയന്തിരമായി സർക്കാരിൽ ലഭ്യമാക്കുവാൻ നിർദ്ദേശം ലഭ്യമായിരിക്കുന്നു.

മേൽ സാഹചര്യത്തിൽ, തിരുവനന്തപുരം എൻ.സി.സി ഹെഡ്ക്വാർട്ടേഴ്സിനു കീഴിലുള്ള എൻ.സി.സി ഓഫീസുകളിലെ ടി ജോലിക്ക് താത്പര്യമുള്ള ജീവനക്കാരുടെ വിവരങ്ങൾ സൂചന കത്ത് പ്രകാരമുള്ള അനുബന്ധത്തിൽ കൊടുത്തിട്ടുള്ള മാതൃകയിൽ തയ്യാറാക്കി 17.05.2022 തീയതിക്ക് മുമ്പായി ഈ കാര്യാലയത്തിൽ nccjsest@gmail.com മുഖാന്തിരം ലഭ്യമാക്കണമെന്ന് താത്പര്യപ്പെടുന്നു.

വിശ്വസ്തതയോടെ,

NCC DIRECTORATE
STATE WING
Thiruvananthapuram -10
KERALA & LAKSHADWEEP

(സുമി സന്ദീപിക ജി മാസ്റ്റർലി)
അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
അഡീഷണൽ ഡയറക്ടർ ജനറൽ
എൻ.സി.സിക്കു വേണ്ടി

67
10/5/22

ഇ-മെയിൽ

കേരള സർക്കാർ

(പൊതുഭരണ (രഹസ്യ വിഭാഗം) വകുപ്പ് )

നം.എസ്.എസ്.2/01/2022/പൊ.ഭ.വ   തിരുവനന്തപുരം, 27.04.2022

0471-251 8399

പ്രേക്ഷിതൻ

അഡീഷണൽ സെക്രട്ടറി & യു പി എസ് സി പരീക്ഷ കോർഡിനേറ്റർ

സ്വീകർത്താവ്

**ഡയറക്ടർ/ രജിസ്ട്രാർ / കമ്മീഷണർ / വകുപ്പ് തലവന്മാർ**

കൃഷി / സിവിൽ സപ്ലൈസ് / മൃഗസംരക്ഷണ / പൊതു വിദ്യാഭ്യാസ / പഞ്ചായത്ത് / കോളേജ് വിദ്യാഭ്യാസ / സഹകരണ / ഗ്രാമ വികസന / സാംസ്കാരിക / ഡയറി ഡെവലപ്മെന്റ് / സാമ്പത്തിക സ്ഥിതിവിവര / വനം / ഇറമുഖ / വ്യവസായ പരിശീലന / ജലസേചന / തൊഴിൽ / ലോട്ടറി / ഓഡിറ്റ് / പോലീസ് / അച്ചടി / പൊതുമരാമത്തു / രജിസ്ട്രേഷൻ / പട്ടിക ജാതി വികസന / പട്ടിക വർഗ വികസന / ടൂറിസം / എൻ സി സി /സാമൂഹ്യ ക്ഷേമ /പുരാരേഖ / പുരാ വസ്തു /കോളേജിയേറ്റ് /ട്രഷറി വകുപ്പുകൾ മറ്റു പ്രധാന വകുപ്പുകൾ

സർ,

വിഷയം:- പൊതുഭരണ വകുപ്പ് - യു പി എസ് സി പരീക്ഷകൾ - തിരുവനന്തപുരത്തെ വിവിധ കേന്ദ്രങ്ങളിൽ ഇൻവിജിലേഷൻ ചുമതലകൾ നിർവ്വഹിക്കുന്നതിന് -സർക്കാർ ജീവനക്കാരുടെ പാനൽ - 2022-23 വർഷത്തേക്ക് - തയ്യാർ ചെയ്യുന്നത് - സംബ :-

യൂണിയൻ പബ്ലിക് സർവീസ് കമ്മീഷൻ നടത്തുന്ന വിവിധ പരീക്ഷകൾക്ക് തിരുവനന്തപുരത്തെ കേന്ദ്രങ്ങളിൽ ഇൻവിജിലേഷൻ ജോലികൾക്ക് നിയോഗിക്കുന്നതിന് താല്പര്യമുള്ള സർക്കാർ ജീവനക്കാരുടെ 2022-23 വർഷത്തേക്കുള്ള പാനൽ തയ്യാർ ചെയ്യുന്നതിന് തീരുമാനിച്ചിട്ടുണ്ട്. **2022 ജൂൺ 05 ന നടക്കുന്ന സിവിൽ സർവീസ് പരീക്ഷ** ഉൾപ്പെടെയുള്ള വിവിധ മത്സര പരീക്ഷകൾക്കായാണ് ഇത് തയ്യാർ ചെയ്യുന്നത്. ഇതുമായി ബന്ധപ്പെട്ട മറ്റു വിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുള്ളതുകൂടി ദയവായി ശ്രദ്ധിച്ചാലും.

താങ്കളുടെ വകുപ്പിലെ വിവിധ ഓഫീസുകളിൽ ജോലി ചെയ്യുന്നവരിൽ നിന്ന് ഇതിലേക്ക് താത്പര്യമുള്ളവരുടെ വിശദാംശങ്ങൾ സമാഹരിച്ച് അനുബന്ധത്തിൽ കൊടുത്തിട്ടുള്ള മാതൃകയിൽ **10/05/2022 ന മുൻപായി** ഇ-മെയിൽ (gadsskerala@gmail.com) മുഖാന്തിരമോ നേരിട്ടോ സർക്കാരിലേക്ക് ലഭ്യമാക്കേണ്ടതാണ്.

വിശ്വസ്തതയോടെ

**ഷൈൻ എ ഹക്ക്**

അഡീഷണൽ സെക്രട്ടറി &

യു പി എസ് സി പരീക്ഷ കോർഡിനേറ്റർ

| NCC Dte (K&L) | State Wing (Est) |
|---|---|
| ADG | |
| DDG | |
| DIR | |
| Adm Officer | |
| Adm Asst | |
| Sr Supdt Est | |
| Jr Supdt Est (A) | |
| Jr Supdt Est (B) | |
| Date 29/7 | Section |
| No | |

<u>അനുബന്ധം</u>

യൂണിയൻ പബ്ലിക് സർവീസ് കമ്മീഷൻ നടത്തുന്ന വിവിധ പരീക്ഷകൾക്ക് തിരുവനന്തപുരത്തെ കേന്ദ്രങ്ങളിൽ ഇൻവിജിലേഷൻ ജോലികൾക്ക് നിയോഗിക്കുന്നതിനുള്ള സർക്കാർ ജീവനക്കാരുടെ 2022-23 വർഷത്തേക്കുള്ള പാനൽ തയ്യാർ ചെയ്യുന്നത് സംബന്ധിച്ച നിർദ്ദേശങ്ങളും മാതൃകയും ചുവടെ ചേർക്കുന്നു.

I. എൽ.ഡി. ക്ലർക്ക് തസ്തികയിലോ അതിനു മുകളിലോട്ടുള്ള തസ്തികയിലോ ജോലി ചെയ്യുന്ന ഉദ്യോഗാരികളായ സർക്കാർ ജീവനക്കാരെയാണ് ഇൻവിജിലേഷൻ ചുമതലകൾ നിർവ്വഹിക്കാനുള്ള പാനലിൽ ഉൾപ്പെടുത്തേണ്ടത്.

A1 A2-111

II. ഞായറാഴ്ചകളിലാണ് പരീക്ഷകൾ നടക്കുന്നത്. അതുകൊണ്ട് തന്നെ ഔദ്യോഗിക കൃത്യനിർവ്വഹണത്തിന് തടസ്സമുണ്ടാകാറില്ല

III. സാധാരണഗതിയിൽ പരീക്ഷ കേന്ദ്രങ്ങൾ തിരുവനതപുരം നഗര പ്രദേശങ്ങൾക്കുള്ളിലായതിനാൽ നഗരപ്രദേശത്തോ സമീപ പ്രദേശങ്ങളിലോ താമസിക്കുന്ന ജീവനക്കാരാണ് കൂടുതൽ അഭികാമ്യം.

IV. പരീക്ഷ ചുമതലയിൽ നിയോഗിക്കുന്നവർ പരീക്ഷ നിർദ്ദേശങ്ങൾ കൃത്യമായി പാലിച്ചുവേണം പരീക്ഷ ചുമതലകൾ നിർവഹിക്കേണ്ടത് .

V. പരീക്ഷ ചുമതലക്ക് നിയോഗിച്ചാൽ തക്കതായ കാരണമില്ലാതെ പരീക്ഷ ചുമതലയിൽ നിന്ന് ഒഴിവാകാൻ പാടില്ല.

VI. ഒരു സെഷനുള്ള പരീക്ഷക്ക് 500 രൂപയാണ് ഹോണറേറിയമായി ലഭിക്കുന്നത്, മിക്കവാറും പരീക്ഷകൾ രാവിലെയും ഉച്ചക്കശേഷമായും രണ്ടു സെഷനുകളായാണ് നടക്കാറുള്ളത്. സിവിൽ സർവീസ് പ്രാഥമിക പരീക്ഷക്ക് 1500 രൂപയാണ് ഹോണറേറിയം തുകയായി ലഭിക്കുന്നത്.

VII. ഒരു വകുപ്പിലെ വിവിധ ഓഫീസുകളിൽ ജോലി ചെയ്യുന്ന സർക്കാർ ജീവനക്കാരിൽ ഇൻവിജിലെഷൻ ഡ്യൂട്ടിക്ക് താല്പര്യപ്പെടുന്നവരുടെ സമാഹരിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്ന മാതൃകയിൽ ലഭ്യമാക്കേണ്ടതാണ്. (ഇ-മെയിൽ വിലാസം – **gadsskerala@gmail.com**)

<u>മാതൃക</u>

| ക്രമ നമ്പർ | ജീവനക്കാരന്റെ പേരും പെൻ നമ്പറും | തസ്തിക | വാട്സാപ്പുള്ള മൊബൈൽ നമ്പർ | ഓഫീസ് വിലാസം | താമസിക്കുന്ന പ്രദേശം |
|---|---|---|---|---|---|
| | | | | | |
| | | | | | |
| | | | | | |
| | | | | | |

---